(എഫ്) 8, 9, ക്ലാസ്സുകളിലേയ്ക്ക് പാഠപുസ്തകവും ഹാന്റ് ബുക്കും തയ്യാറാക്കിയിട്ടുണ്ട്. അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഉടനീളമുള്ള 250 ഗവ: സ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. അതുപോലെ കമ്പ്യൂട്ടർ ലാബുകൾ പരിരക്ഷിക്കുന്നതിനും സജ്ജീകരിക്കുന്നതിനുമായി 18 സ്ഥാപനങ്ങളെ എംപാനൽഡ് ഏജൻസികളായി നിയമിച്ചിട്ടുണ്ട്.

(ജി) ഉണ്ട്. പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.

(എച്ച്) 200 ഗവൺമെന്റ് ഹൈസ്കൂൾ അദ്ധ്യാപകരെ പരിശീലിപ്പിച്ച് മാസ്റ്റർ ട്രെയിനർമാർ എന്ന നിലയിൽ വിദ്യാഭ്യാസ ജില്ലാ അടിസ്ഥാനത്തിൽ നിയമിച്ചു. ഇവരാണ് സംസ്ഥാനത്തുടനീളമുള്ള ഹൈസ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നത്. അദ്ധ്യാപക പരിശീലനത്തിനായി ഇന്റൽ ഇൻഡ്യ ലിമിറ്റഡ് എന്ന കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചു. 2003-2004 വർഷത്തിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി കമ്പ്യൂട്ടർ ലാബുകൾ വാടയ്ക്ക് എടുക്കുന്നതിന് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചു.

സ്കൂളുകൾ തുടങ്ങുന്നതിനും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് പഠിക്കുന്നതിന് കമ്മീഷനെ നിയമിക്കാൻ നടപടി

98 (1408) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ സ്കൂളുകൾ തുടങ്ങുവാനും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഓരോ സ്കൂളിനും പ്രാദേശിക പരിധി ഉണ്ടാകണമെന്ന അഭിപ്രായം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ;

(സി) സർക്കാർ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്താൻ വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly